"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം:നം. 204/ഡിഡി2/2022/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-06-2022

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണവകുപ്പ്-ലോക പരിസ്ഥിതി ദിനാചരണം - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- 1. സ.ഉ.(സാധാ)നം.207/2022/F &WLD തീയതി 10.05.2022

2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 23.05.2022-ലെ NREGA/281/2021-D1 നമ്പർ കത്ത്

**********************

ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വൃക്ഷതൈ വിതരണ പരിപാടികൾ എല്ലാ വർഷവും സംഘടിപ്പിച്ച് വരുന്നു. സോഷ്യൽ ഫോറസ്ട്രി-തൊഴിലുറപ്പ് പദ്ധതി പ്രകാരം തയ്യാറാക്കുന്ന തൈകളാണ് പ്രധാനമായും വിതരണം ചെയ്യുന്നത്/നടുന്നത്. നടപ്പ് വർഷവും വനം വകുപ്പിൽ നിന്നുള്ള സൗജന്യ വൃക്ഷതൈ വിതരണം ഉണ്ടാവുന്നതാണെന്നും തൈകൾ ബന്ധപ്പെട്ടവർ വനം വകുപ്പ് ഓഫീസുകളിൽ നിന്നും നേരിട്ട് കൈപ്പറ്റേണ്ടതാണെന്നും സൂചന (1) ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ വൃക്ഷത്തൈകൾ പഞ്ചായത്തുകളുടെ വിവിധ ഭാഗങ്ങളിൽ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പാടാക്കുന്നതിനും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമാവധി 10,000/- രൂപ വരെ ചെലവാക്കുന്നതിന് അനുമതി നൽകണമെന്ന് സൂചന (2) കത്ത് പ്രകാരം ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ സംസ്ഥാന വനം വകുപ്പിന്റെ കൂടി സഹകരണത്തോടെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പ് വർഷത്തെ ലോക പരിസ്ഥിതി ദിനം സമുചിതമായി ആചരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുന്നു. ഇതിലേക്ക്, വൃക്ഷതൈകളുടെ ട്രാൻസ്പോർട്ടേഷനും മറ്റ് ഒഴിവാക്കാനാവാത്ത ചെലവുകൾക്കുമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും പരമാവധി 10,000/- രൂപ വരെ അതത് സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ ചെലവഴിക്കാവുന്നതാണ്.

ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 02-06-2022 10:33:07**

സെക്ഷൻ ഓഫീസർ.

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

എല്ലാ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ ചെയർമാൻ/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്